| 07-12-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- പഴയ ലോകത്തിനോടുള്ള മമത്വത്തെ ഉപേക്ഷിച്ച് സേവനം ചെയ്യുന്നതിനുള്ള ഉന്മേഷമുണ്ടാക്കൂ, ഉത്സാഹത്തോടെയിരിക്കൂ, സേവനത്തിൽ ഒരിയ്ക്കലും ക്ഷീണിക്കരുത്.**

**ചോദ്യം-** ഏത് കുട്ടികൾക്കാണോ ജ്ഞാനത്തിന്റെ ലഹരിയുള്ളത്, അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം-** അവർക്ക് സേവനം ചെയ്യുന്നതിൽ വളരെയധികം താല്പര്യമുണ്ടായിരിക്കും. അവർ സദാ മനസാ വാചാ സേവനത്തിൽ തൽപ്പരരായിരിക്കും. സർവ്വർക്കും അച്ഛന്റെ പരിചയം നൽകി തെളിവ് നൽകും. രാജധാനി സ്ഥാപിക്കുന്നതിന് നിമിത്തമായി സഹിക്കേണ്ടി വന്നാൽ സഹിക്കുകയും ചെയ്യും. അച്ഛന്റെ പരിപൂർണ്ണ സഹായിയായി മാറി ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യും.

**ഗീതം-** മാതാ ഓ മാതാ അങ്ങാണ് സർവ്വരുടേയും ഭാഗ്യവിധാതാവ്.................

**ഓംശാന്തി.** ഇപ്പോൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് കുട്ടികൾ മാതാവിനെ അറിയുന്നു. മാതാവിനെ അറിയുമെങ്കിൽ തീർച്ചയായും പിതാവിനേയും അറിയും. ഈ മാതാപിതാവ് സൗഭാഗ്യവിധാതാവും ഭാഗ്യവിധാതാവുമാണ്. ആരാണോ പുരുഷാർത്ഥം ചെയ്ത് തന്റെ പൂർണ്ണ സൗഭാഗ്യമുണ്ടാക്കുന്നത്, സൂര്യവംശീ ചന്ദ്രവംശീ പരമ്പരയുടെ സമ്പത്ത് എടുക്കുന്നത്, അതും നമ്പർവൈസായിട്ട്, അവരെയാണ് സൗഭാഗ്യവിധാതാവ് എന്ന് പറയുന്നത്. ചിലർ വനവാസികളെപ്പോലെയാണ്, വളരെ സാധാരണ പ്രജയായി ജന്മമെടുക്കും. അവർക്ക് ലക്ഷ്യത്തെ പ്രാപ്തമാക്കാൻ സാധിക്കില്ല. അച്ഛൻ തീർച്ചയായും മനസ്സിലാക്കിത്തരും- കുട്ടികളേ ഈ പഴയ ലോകത്തിനോട് മമത്വം വെയ്ക്കരുത്. ലോകത്തുള്ളവർ പാവം നിലവിളിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് സേവനം ചെയ്യുന്നതിൽ ലഹരിയും ഉത്സാഹവും വേണം. ചിലർക്ക് ലഹരിയുണ്ടാകും പക്ഷേ സേവനം ചെയ്യുന്നതിനുള്ള ധൈര്യം ഉണ്ടാകില്ല. അനേകം നിർദേശങ്ങളൊക്കെ ലഭിക്കുന്നുണ്ട്. എഴുതുന്നത് വളരെ വ്യക്തമായിരിക്കണം. ത്രിമൂർത്തികളുടേയും വൃക്ഷത്തിന്റേയും ചിത്രം 30-40 ഇഞ്ചിന്റേതായിരിക്കണം. ഇത് വളരെ ഉപയോഗമുള്ള വസ്തുവാണ്. പക്ഷേ കുട്ടികൾക്ക് ഇതിനെപ്രതിയുള്ള ഭാവന കുറവാണ്. സഞ്ജയന് വളരെ അധികം അംഗീകാരമുണ്ട് പക്ഷേ ആ മഹിമകളെല്ലാം അവസാന സമയത്തേക്കുറിച്ചാണ്. അതീന്ദ്രിയ സുഖം എന്തെന്നറിയാൻ ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന് പറയാറുണ്ട് ഇതും അവസാന സമയത്തെ അവസ്ഥയുടെ മഹിമയാണ്. ഇപ്പോൾ ആ സുഖം ആർക്കെങ്കിലുമുണ്ടോ. ഇപ്പോൾ കരഞ്ഞുകൊണ്ടും വീണുകൊണ്ടുമിരിക്കുന്നു. മായ മുഖത്ത് അടിതരുന്നു. തീർച്ചയായും ദിവസവും വരുന്നുണ്ട് പക്ഷേ ആ ലഹരിയുണ്ടാകുന്നില്ല. നിങ്ങൾക്ക് സേവനം ചെയ്യാൻ വളരെയധികം അവസരം ലഭിക്കുന്നു.

എല്ലാവരും ഇപ്പോൾ ഏകധർമ്മം ഉണ്ടാവണം എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഏക ഗവൺമെന്റ് ഭാരതത്തിലായിരുന്നു ഉണ്ടായിരുന്നത്. അതിനെത്തന്നെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. പക്ഷേ ആർക്കും അറിയില്ല. 5000 വർഷങ്ങൾക്ക് മുമ്പ് രാമന്റെ രാജ്യം(സത്യ-ത്രേതായുഗം)ഉണ്ടായിരുന്നപ്പോൾ ഏക ഗവൺമെന്റായിരുന്നു. ശബ്ദമുയരാൻ രണ്ടെണ്ണം ഉണ്ടായിരുന്നില്ല. ഇവിടെയാണെങ്കിൽ പറയുന്നുണ്ട് ഇന്ത്യക്കാരും ചൈനക്കാരും സഹോദരങ്ങളാണെന്ന് പക്ഷേ നോക്കൂ എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന്! വെടിവെയ്ക്കുന്നു. ഈ ലോകമേ ഇങ്ങനെയാണ്. പതി- പത്നി പരസ്പരം വഴക്കടിക്കുന്നു. പത്നി പതിയെ അടിക്കുന്നതിനും സമയം എടുക്കുന്നില്ല. വീട് വീട് തോറും വഴക്കടിച്ചുകൊണ്ടിരിക്കുന്നു. 5000 വർഷങ്ങൾക്ക് മുമ്പ് ഒരു ഗവൺമെന്റാണ് ഉണ്ടായിരുന്നത് എന്നത് ഭാരതവാസികളും മറന്നിരിക്കുന്നു. ഇപ്പോഴാണെങ്കിൽ അനേകം ഗവൺമെന്റുകളുണ്ട് അനേകം ധർമ്മങ്ങളുണ്ട് അതിനാൽ തീർച്ചയായും വഴക്കുകൾ ഉണ്ടാകും. നിങ്ങൾക്ക് പറയാം ഭാരതത്തിൽ ഒരു ഗവൺമെന്റുണ്ടായിരുന്നു. അതിനെയാണ് പറയുന്നത് ഭഗവാൻ ഭഗവതിയുടെ ഗവൺമെന്റ്. ഭക്തിമാർഗ്ഗം ഉണ്ടാകുന്നതുതന്നെ പിന്നീടാണ്. സത്യ-ത്രേതായുഗങ്ങളിൽ ഭക്തിയുണ്ടായിരുന്നില്ല. മനുഷ്യർ അഹങ്കാരം വളരെ കാണിക്കാറുണ്ട് പക്ഷേ അവർക്ക് കക്കയ്ക്കുതുല്യമായ ജ്ഞാനം പോലുമില്ല. ലോകത്തിൽ അനേകം തരത്തിലുള്ള ജ്ഞാനമുണ്ടല്ലോ. ഡോക്ടറാകുന്നതിനുള്ള ജ്ഞാനം, വക്കീലാകുന്നതിനുള്ള ജ്ഞാനം....... അച്ഛൻ പറയുന്നു ഡോക്ടർ ഓഫ് ഫിലോസഫി എന്ന് അറിയപ്പെടുന്നവരുടെ കൈവശം പോലും ഈ ജ്ഞാനം അല്പം പോലുമില്ല. ഫിലോസഫി എന്ന് എന്തിനേയാണ് പറയുക എന്നത് പോലും അറിയുന്നില്ല. അതിനാൽ നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടാകണം, സ്ഥാപനയിൽ സഹായിയായി മാറണം. നല്ലവസ്തുക്കൾ ഉണ്ടാക്കിനൽകണം. ആളുകളുടെ തരമനുസരിച്ചുള്ള ക്ഷണപത്രങ്ങൾ നൽകണം. എങ്ങനെയാണോ ഗവൺമെന്റിൽ വലിയ വലിയ ഉദ്യോഗസ്ഥരുള്ളത്, വിദ്യാഭ്യാസ മന്ത്രിയുണ്ട്, മുഖ്യമന്ത്രിയുണ്ട്,

അതുപോലെ ഇവിടെ നിങ്ങൾക്കും ഓഫീസ് ഉണ്ടായിരിക്കണം. നിർദേശം ലഭിച്ചാൽ പിന്നെ അത് പ്രാബല്യത്തിൽ കൊണ്ടുവരണം. ഇപ്പോൾ നോക്കൂ ഗോർഖ്പൂരീ ഗീതകൾ പുറത്തുവരുന്നു എല്ലാം സൗജന്യമായി നൽകാൻ തയ്യാറാണ്. ഏതെല്ലാം സംഘടനകളുണ്ടോ അവയ്ക്കെല്ലാം വളരെയധികം ഫണ്ട് ഉണ്ട്. കാശ്മീരിലെ മഹാരാജാവ് മരിച്ചപ്പോൾ മുഴുവൻ സമ്പത്തും ആര്യസമാജത്തിനു ലഭിച്ചു എന്തുകൊണ്ടെന്നാൽ രാജാവ് ആര്യസമാജത്തിലുള്ളയാളായിരുന്നു. സന്യാസിമാരുടെ കൈയ്യിലും വളരെയധികം ധനം ഉണ്ടായിരിക്കും. നിങ്ങളുടെ കൈവശം എത്ര ധനമുണ്ടോ അതെല്ലാം ഈ സേവനത്തിൽ ഉപയോഗിക്കൂ അതിലൂടെ ഭാരതം സ്വർഗ്ഗമായി മാറട്ടെ. നിങ്ങൾ സ്വർഗ്ഗമുണ്ടാക്കുന്നതിൽ സഹായിക്കുന്നു. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. അവർ ദിനംപ്രതിദിനം നരകവാസിയാക്കിക്കൊണ്ടിരിക്കുന്നു അച്ഛൻ നിങ്ങളെ സ്വർഗ്ഗവാസിയാക്കിക്കൊണ്ടിരിക്കുന്നു. നമ്മൾ ഇവിടെ ധനം ശേഖരിക്കുകയല്ല ചെയ്യുന്നത് എന്തെന്നാൽ എല്ലാവരും പാവങ്ങളാണ്. നിങ്ങൾ പറയുന്നു ബാബാ ഈ ചെറിയ നാണയത്തുട്ടുകൾ യജ്ഞ സേവനത്തിൽ ഉപയോഗിക്കൂ. ഈ സമയത്ത് എല്ലാവരും പരസ്പരം അടിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഗവൺമെന്റ് ആവുക സാധ്യമല്ല. അതിനാൽ ഗവൺമെന്റിനോടു പറയണം സൂര്യവംശീ ചന്ദ്രവംശി രാജധാനിയിൽ ഒരു ഗവൺമെന്റായിരുന്നു. നിങ്ങളും ആഗ്രഹിക്കുകയാണെങ്കിൽ തീർച്ചയായും അതു സംഭവിക്കും. അച്ഛൻ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ബാബ തന്നെയാണ് സ്വർഗ്ഗസ്ഥാപകനായ പിതാവ്. നമ്മൾ ഒരു ദൈവീകലോകം സ്ഥാപിക്കുകയാണ്. അവിടെ ആസുരീയ ഗവൺമെന്റ് ഉണ്ടാവുകയില്ല. നിങ്ങളുടെ കൈയ്യിൽ വളരെ നല്ല ജ്ഞാനമുണ്ട്, ഇതിലൂടെ വളരെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഡെൽഹിയാണ് ഹെഡ്ഓഫീസ്. വളരെ അധികം സേവനം ചെയ്യാൻ സാധിക്കും. അവിടെ കുട്ടികളും വളരെ നല്ലതാണ്. ജഗദീഷ് സഞ്ജയനും ഉണ്ട്. പക്ഷേ എല്ലാവരും സഞ്ജയന്മാരല്ലേ, ഒരാളല്ലല്ലോ. നിങ്ങൾ ഓരോരുത്തരും സഞ്ജയൻ ആണ്. നിങ്ങളുടെ ജോലിയാണ്– എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കുക. അച്ഛൻ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട് പക്ഷേ കുട്ടികളാണെങ്കിൽ തന്റെ ജോലിവേലകളിലും കുട്ടികളെ പരിപാലിക്കുന്നതിലും കുടുങ്ങിയിരിക്കുകയാണ്. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നാലും അച്ഛന്റെ സഹായിയാവണം, അതു ചെയ്യുന്നില്ല. ഇവിടെ സേവനം ചെയ്ത് കാണിക്കണം. ഏക ഗവൺമെന്റ് എങ്ങനെയാണ് സ്ഥാപിതമാകുന്നത്, ഈ ചക്രം അഥവാ ഡ്രാമയെ നോക്കൂ അത് സമയത്തെ കാണിക്കുന്നുണ്ട്. എങ്ങനെയാണോ രാവണന്റെ ചിത്രം ഉണ്ടാക്കിയത് അതുപോലെ ചക്രത്തിന്റെ ചിത്രവും ഉണ്ടാക്കണം എന്നിട്ട് അതിൽ എഴുതണം– ഇപ്പോൾ സൂചി വന്നെത്തിക്കഴിഞ്ഞു. ഇനി വീണ്ടും ഏക ഗവൺമെന്റ് ഉണ്ടാകണം. അച്ഛൻ നിർദേശങ്ങൾ നൽകുന്നു. ശിവബാബ ഓരോ തെരുവുകൾ തോറും പോകില്ല. അഥവാ ശിവബാബ പോവുകയാണെങ്കിൽ ഈ ബാബ ക്ഷീണിക്കും. കുട്ടികൾ ബഹുമാനം നൽകണം. ഈ സേവനം ചെയ്യേണ്ടത് കുട്ടികളുടെ ജോലിയാണ്. എഴുതണം ഒരു ഗവൺമെന്റ് ഭാരതത്തിൽ ഉണ്ടായിരുന്നു അത് വീണ്ടും സ്ഥാപിതമാവുകയാണ്. ഈ യജ്ഞം രചിച്ചിട്ട് എത്ര വർഷങ്ങളായി! മുഴുവൻ ലോകത്തിലുമുള്ള അഴുക്കുകൾ ഇതിൽ വന്ന് സമർപ്പണമാകും. കാര്യം സഹജമാണ് പക്ഷേ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ സമയം വേണം. ഇവിടെ ആരും രാജാവല്ല. ഏതെങ്കിലും ഒരാളെ എല്ലാവരും അംഗീകരിക്കില്ലല്ലോ. മുമ്പ് ആരെങ്കിലും പുതിയ കാര്യങ്ങൾ കണ്ടുപിടിച്ചാൽ അത് രാജാവിലൂടെ പ്രചരിപ്പിക്കുമായിരുന്നു എന്തെന്നാൽ രാജാവിന് അതിനുള്ള ശക്തിയുണ്ടായിരുന്നു. രാജയോഗം പഠിക്കുന്നതിലൂടെ അല്ലെങ്കിൽ വളരെയധികം ധനം ദാനം ചെയ്യുന്നതിലൂടെയേ രാജാവാകാൻ സാധിക്കൂ. ഇവിടെയാണെങ്കിൽ പ്രജകളാണ് രാജ്യം ഭരിക്കുന്നത്. ഒരു ഗവൺമെന്റല്ല. ഒരു പാവപ്പെട്ട പട്ടാളക്കാരനും ഗവൺമെന്റാണ്, ആരുടേയെങ്കിലും അരപ്പട്ട അഴിക്കുന്നതിന് സമയം എടുക്കുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ഒരുപാട് നടക്കുന്നുണ്ട്. അഥവാ കുറച്ച് പണം കൊടുക്കുകയാണെങ്കിൽ വലിയ മന്ത്രിയെപ്പോലും വധിക്കുന്നു.

അതിനാൽ നിങ്ങൾ കുട്ടികൾ സേവനത്തിന്റെ അവസരം ഉപയോഗിക്കണം, ഉറങ്ങരുത്. സത്സംഗങ്ങളിൽ ചെന്ന് കഥ കേൾക്കും പിന്നീട് വീട്ടിലേയ്ക്ക് പോകും എങ്ങനെയാണോ മുമ്പ് ഉണ്ടായിരുന്നത് അതുപോലെത്തന്നെ പിന്നെയും ഒരു ഉത്സാഹവുമുണ്ടാകില്ല, ഇതുപോലെ കുട്ടികളിലും ഉത്സാഹം കുറവാണ്. ഗവൺമെന്റിന് പൂന്തോട്ടമുണ്ടെങ്കിൽ അതിൽ വളരെ നല്ല ഫസ്റ്റ് ക്ലാസായ പുഷ്പങ്ങളുണ്ടാകും, അതിന്റെ വിഭാഗം തന്നെ വേറെയായിരിക്കും. ആരെങ്കിലും പോവുകയാണെങ്കിൽ അവർക്ക് ഫസ്റ്റ് ക്ലാസായ പുഷ്പം കൊണ്ടുവന്ന് കൊടുക്കും. അതുപോലെ ഇതും അച്ഛന്റെ പൂന്തോട്ടമാണ്, ആരെങ്കിലും വരുകയാണെങ്കിൽ അവർക്ക് എന്താണ് ചുറ്റിനടന്ന് കാണിച്ചുകൊടുക്കുക? പേര് പറയും– ഇത് നല്ല നല്ല പുഷ്പങ്ങളാണ്. എരിക്കിൻ പുഷ്പങ്ങളും ഇരിക്കുന്നുണ്ട്, തിളങ്ങുന്നില്ല, സേവനം ചെയ്യുന്നില്ല. ദിവസവും ആർക്കെങ്കിലും ബാബയുടെ പരിചയം തീർച്ചയായും നൽകണം. നിങ്ങൾ വളരെ ഗുപ്തമാണ്, എത്ര വിഘ്നങ്ങളാണുണ്ടാകുന്നത്. സേവനത്തിന് യോഗ്യരായി മാറിയിട്ടില്ല. ബാബ എത്ര തവണ പറയുന്നു ക്ഷേത്രങ്ങളിലേയ്ക്ക് പോകൂ, ശ്മശാനത്തിലേയ്ക്ക് പോകു, അവിടെ ചെന്ന് പ്രഭാഷണം ചെയ്യണം. കുട്ടികൾ സേവനം ചെയ്ത്

തെളിവ് നൽകണം. കോടിയിൽ ചിലരേ വരുകയുള്ളു. മിത്ര സംബന്ധികൾക്കും മനസ്സിലാക്കിക്കൊടുക്കണം. ഇവിടെ വരാൻ ഭയപ്പെടുകയാണെങ്കിൽ വീട്ടിൽ ചെന്നു മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. അച്ഛന്റെ പരിചയം ലഭിക്കുന്നതിലൂടെ സന്തുഷ്ടരാകും. ബാബ പറയുന്നു സേവനത്തിൽ തടസ്സങ്ങൾ ഉണ്ടാകരുത്. 100 ൽ ഒരാൾ വന്നാൽ മതി. രാജധാനി സ്ഥാപിക്കുമ്പോൾ സഹിക്കേണ്ടതായും വരും. ഏതുവരെ ഗ്ലാനി കേൾക്കുന്നില്ലയോ അതുവരെ തൂവൽ വെച്ച കിരീടധാരിയാകാൻ പറ്റില്ല. ജ്ഞാനത്തിന്റെ ലഹരി കയറിയിട്ടുണ്ട്. പക്ഷെ റിസൾട്ടെവിടെ? ശരി, 10–20 പേർക്ക് ജ്ഞാനം കൊടുത്തു, അതിൽ ഒന്നുരണ്ടുപേർ ഉണർന്നു, അതും പറയണമല്ലോ. സേവനത്തിനുള്ള താൽപര്യം വേണം അപ്പോൾ ബാബ ഇനാം നൽകും. അച്ഛന്റെ പരിചയം നൽകൂ– നിങ്ങളുടെ അച്ഛൻ ആരാണ്? അപ്പോഴേ സമ്പത്തിന്റെ ലഹരിയുണ്ടാവുകയുള്ളു. നിങ്ങൾ പ്രഭാഷണം ചെയ്യൂ– വിശ്വത്തിൽ ബ്രഹ്മാകുമാർ കുമാരിമാർക്കല്ലാതെ മറ്റാർക്കും ഈ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അറിയുകയില്ല. വെല്ലുവിളിക്കൂ. ബാബ ശ്മശാനത്തിന്റെ കാര്യം പറഞ്ഞതിനാൽ നിങ്ങൾ ശ്മശാനത്തിൽ ചെന്ന് സേവനം ചെയ്യണം. ജോലിവേലകൾ 6–8 മണിക്കൂർ ചെയ്യും ബാക്കി സമയം എങ്ങിനെയാണ് പോകുന്നത്? ഇങ്ങനെയാണെങ്കിൽ പിന്നീട് ഉയർന്ന പദവി നേടാൻ സാധിക്കില്ല. ബാബ പറയും നിങ്ങൾ വന്നത് നാരായണനെ അല്ലെങ്കിൽ ലക്ഷ്മിയെ വരിക്കാനാണ് എന്നാൽ നിങ്ങളുടെ മുഖമൊന്നു നോക്കൂ. ബാബ മനസ്സിലാക്കിത്തരുന്നത് സത്യമല്ലേ. ഒരു വിഷയം തന്നെ എടുക്കു വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെ ആവർത്തിക്കുവെന്നത് വന്നു മനസ്സിലാക്കു. പത്രത്തിൽ കൊടുക്കു. ഹാളുകൾ എടുക്കുന്നതിനുള്ള പരിശ്രമം ചെയ്യൂ. നിങ്ങൾക്ക് മൂന്നടി മണ്ണുപോലും ലഭിക്കുന്നില്ല. തിരിച്ചറിയുന്നില്ല.

നിങ്ങൾ പരമധാമത്തിൽ നിന്നും വന്ന വിദേശികളാണ്. ആത്മാക്കൾ എല്ലാവരും പരമധാമത്തിൽ നിന്നുമാണ് വന്നിരിക്കുന്നത് അതിനാൽ എല്ലാവരും ഇവിടെ വിദേശികളായില്ലേ. പക്ഷേ നിങ്ങളുടെ ഈ ഭാഷ ആരും മനസ്സിലാക്കുന്നില്ല. ഇവിടെ സാകാരത്തിൽ ബാബ കാല് പിടിക്കു, ഇത് ചെയ്യൂ എന്നൊന്നും പറയില്ല. സാധു സന്യാസിമാരുടെ കാലു പിടിക്കുന്നു, കാൽകഴുകി വെള്ളം കുടിക്കുന്നു, അതിനെ തത്വപൂജ എന്നാണ് പറയുന്നത്. 5 തത്വങ്ങളാൽ നിർമ്മിതമായ ശരീരമല്ലേ. ഭാരതത്തിന്റെ അവസ്ഥ എന്തായി. അതിനാൽ ബാബ പറയുകയാണ് സേവനം ചെയ്ത് തെളിവ് നൽകു, എല്ലാവർക്കും സുഖം നൽകു. ഇവിടെ ഇതിൽ താല്പര്യമുണ്ടാകണം, ഈ ചിന്തയുണ്ടാകണം. ബുദ്ധിയോഗം ബാബയുമായിവേണം.

**ഗീതം–** മാതാവേ അങ്ങ് സർവ്വരുടേയും ഭാഗ്യവിധാതാവാണ്........
ജഗദംബാ മാതാവ് സർവ്വരുടേയും ഭാഗ്യവിധാതാവാണ്. പദവി നേടുന്നത് മാതാവാണ്. അവരും പറയുന്നു ശിവബാബയെ ഓർമ്മിക്കു, ഞാൻ ശിവബാബയിൽ നിന്നും ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ട് ധാരണ ചെയ്യിക്കുന്നു, സൗഭാഗ്യമുണ്ടാക്കുന്നു. നിങ്ങളാണ് ഭാരതത്തിന്റെ സൗഭാഗ്യവിധാതാക്കൾ. എങ്കിൽ എത്ര ലഹരിയുണ്ടായിരിക്കണം. എന്താണോ മമ്മയുടെ മഹിമ അതുതന്നെയാണ് ബാബയുടേത് അതുതന്നെയാണ് ബ്രഹ്മാബാബയുടേതും. നിങ്ങൾ കുട്ടികൾക്ക് യജ്ഞത്തിന്റെ സ്ഥൂലസേവനം ചെയ്യണം ഒപ്പം ആത്മീയ സേവനവും തീർച്ചയായും ചെയ്യണം. മന്മനാഭവ എന്ന മന്ത്രം എല്ലാവർക്കും നൽകണം. മന്മനാഭവ എന്നത് മനസാലുള്ളതും മദ്ധ്യാജീഭവ എന്നത് വാക്കുകളാലുമാണ്. ഇതിൽ കർമ്മണാ സേവനവും വരുന്നു. കന്യകമാർ സേവനത്തിൽ മുഴുകണം.

ഗ്രാമങ്ങളിൽ സേവനം നന്നായി നടക്കും. വലിയ നഗരങ്ങളിലാണെങ്കിൽ വളരെ അധികം ഫാഷനാണ്. പ്രചോദനങ്ങൾ വളരെ കൂടുതലാണ് എന്ത് ചെയ്യും? എന്താ വലിയ നഗരങ്ങളെ ഉപേക്ഷിക്കണോ? ഇങ്ങനെയുമല്ല. വലിയ നഗരങ്ങളിൽ നിന്ന്, ധനികരിൽ നിന്ന് ശബ്ദമുയരും. മുഴുവൻ ലോകത്തെ ഈ മന്മനാഭവ എന്ന മന്ത്രത്തിലൂടെ സ്വർഗ്ഗമാക്കി മാറ്റണം. അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് ഈ ജഗദംബ ആരാണ്, ഇവരാണ് ഭാരതത്തിന്റെ സൗഭാഗ്യവിധാതാവ്, ഇവരുടെ ശിവശക്തി സേനയും വളരെ പ്രശസ്തമാണ്. ഹെഡ് ജഗദംബയാണ് അർത്ഥം ഭാരതത്തിൽ ഏക ഗവൺമെന്റ് സ്ഥാപനചെയ്യുന്നതിൽ ഹെഡ്. ഭാരതമാതാക്കളായ ശക്തി അവതാരങ്ങൾ ഭാരതത്തിൽ ഒരു ഗവൺമെന്റിന്റെ സ്ഥാപന ചെയ്തിരുന്നു, അതും ശ്രീമതത്തിന്റെ ആധാരത്തിൽ. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. ബുദ്ധിയോഗം ഒരു ബാബയുമായി വെയ്ക്കണം, മന്മനാഭവ എന്ന മന്ത്രത്തിലൂടെ ഈ ലോകത്തെ സ്വർഗ്ഗമാക്കി മാറ്റണം.

2. സേവനത്തിൽ ഒരിയ്ക്കലും ക്ഷീണിക്കരുത്. സ്ഥൂലസേവനങ്ങൾക്ക് ഒപ്പം തന്നെ ആത്മീയ സേവനവും ചെയ്യണം. മന്മനാഭവ എന്ന മന്ത്രത്തിന്റെ ഓർമ്മ എല്ലാവരിലും ഉണർത്തണം.

## വരദാനം:– ബാബക്കുസമാനം ഓരോ ആത്മാവിലും കൃപ അഥവാ ദയ കാണിക്കുന്നവരായ മാസ്റ്റർ ദയാമനസ്കരായി ഭവിക്കട്ടെ.

ബാബ എപ്രകാരം ദയാമനസ്കനാണോ അതേപോലെ താങ്കൾ കുട്ടികളും സർവ്വരിലും കൃപ അഥവാ ദയ കാണിക്കും എന്തുകൊണ്ടെന്നാൽ ബാബക്ക് സമാനം നിമിത്തമായിരിക്കുന്നു. ബ്രാഹ്മണാത്മാവിന് ഒരിക്കലും ഏതൊരാത്മാവിനെക്കുറിച്ചും വെറുപ്പുണ്ടാകുക സാധ്യമല്ല. ചിലർ കംസന്മാരാകട്ടെ, ജരാസന്ധനാകട്ടെ, രാവണനാകട്ടെ– ആര് തന്നെയാകട്ടെ, എന്നാലും ദയാമനസ്കനായ ബാബയുടെ മക്കൾ ഒരിക്കലും വെറുപ്പ് പ്രകടിപ്പിക്കുകയില്ല. പരിവർത്തനത്തിന്റെ ഭാവന, മംഗളത്തിന്റെ ഭാവന വെക്കും എന്തുകൊണ്ടെന്നാൽ തന്റെ പരിവാരമാണ്, പരവശരാണ്, പരവശരുടെ മേൽ വെറുപ്പ് വരികയില്ല.

## സ്ലോഗൻ:– മാസ്റ്റർ ജ്ഞാനസൂര്യനായി ശക്തികളാകുന്ന കിരണങ്ങളാൽ ദുർബ്ബലതകളാകുന്ന അഴുക്കുകളെ ഭസ്മമാക്കൂ.